
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോഠം, നിങ്ങഠം സ്ഥലം മാറുമ്പോഠം, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോഠം അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികഠം മാസങ്ങഠംക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോഠം അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 11** **October 1997** **No. 7**

## എഡിറേറാറിയൽ

വിശ്വാസവും അന്ധവിശ്വാസവും ആചാരവും അനാചാരവും സത്യവും അസത്യവും യാഥാർത്ഥ്യവും ഇതിഹാസവും മതവും മതമല്ലാത്തതും വേണ്ടതും വേണ്ടാത്തതും ഇങ്ങനെ ചേർച്ചയില്ലാത്തവ പലതും ലോകത്തിൽ നമുക്കു കണ്ടെത്താം. വിശ്വാസവും അവിശ്വാസവും തമ്മിൽ യോജിക്കുകയില്ല. പക്ഷെ ഇന്നു ആളുകൾക്കിടയിൽ വർദ്ധിച്ചു വരുന്ന ഒരു പ്രവണത അജ്ഞതയാണ്. വിശ്വാസത്തെ അറിയാതെ അബദ്ധ സഞ്ചാരികളായി കഴിയുകയാണ് മനുഷ്യർ. സ്വന്തം മനസിൽ തോന്നുന്ന കാര്യങ്ങൾക്കു മുൻഗണന കൊടുക്കുന്നു. അങ്ങനെയുള്ളവരുടെ ജീവിതം പരാജയം തന്നെയായിരിക്കും. സത്യദൈവം ആരെന്നു ആരാഞ്ഞ് അറിഞ്ഞു അവന്റെ കല്പനകൾ ജീവിതത്തിൽ സ്വീകരിക്കുവാനുള്ള മനസാണ് നമുക്കു വേണ്ടത്.

പലർക്കും മതങ്ങളിലും മതപരമായ ചടങ്ങുകളിലുമാണ് ഭ്രമമുള്ളത്. അതു അവരുടെ നാശത്തിനു ഹേതുവായി തീരുന്നു. ധ്യാനത്തിനും മററുമായി ആശ്രമം സ്ഥാപിച്ച് അതിൽ ആളുകളുടെ വിശ്വാസം ആർജിച്ച് എടുക്കുന്ന ചിലർ ദൈവത്തിന്റെ പേരിൽ തുടങ്ങിയിട്ട് പിന്നീട് ചെയ്യുന്നതൊന്നും സാധാരണക്കാർക്കു പോലും അറപ്പ് ഉളവാക്കുന്നതാണ്. എത്രയോ ആളുകളുടെ ചാരിത്ര്യം നഷ്ടപ്പെടുന്നു, ആത്മാഭിമാനം പണം, സ്വത്ത്

എന്നിവ നഷ്ടമാകുന്നു. എന്തിനേറെ പറയുന്നു. ഇതു മൂലം ജീവൻ അപഹരിക്കപ്പെട്ടവർ എത്രപേർ. ഇതെല്ലാം അവിടവിടെ നടന്നാലും ആളുകളുടെ സാമാന്യ ബുദ്ധി ഉണരുന്നില്ല. അവർ പിന്നേയും ഇത്തരം കുഴിയിൽ ചെന്നു വീഴും. അവരുടെ വിവേക ബുദ്ധി ഉപയോഗിക്കാതെ, സത്യവും അസത്യവും തിരിച്ചറിയാതെ ഇരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ദൈവത്തിന്റെ അരുളപ്പാടുകളെ പരിശോധിച്ച് അതിൽ പറഞ്ഞിട്ടുള്ളതു മാത്രമെ വിശ്വസിക്കാവു. അതിനപ്പുറമായി ആരെന്തു പറഞ്ഞാലും വിശ്വസിക്കരുത്.

ദൈവത്തേക്കാളധികം മനുഷ്യരെ വിശ്വസിക്കയും, ബഹുമാനിക്കയും അനുസരിക്കയും ചെയ്യുന്ന സമൂഹമാണ് ലോകത്തിൽ എവിടേയും അധികമായി കാണുന്നത്. അതുകൊണ്ടാണ് അവർ മനുഷ്യരുടെ സമ്പ്രദായങ്ങൾക്കും അവരുടെ നിർമ്മിത ചടങ്ങുകൾക്കും വശംവദരാകുന്നതു. സത്യത്തെ സ്നേഹിക്കാതെ അനീതിയിൽ രസിക്കുന്നവർക്കും ഭോഷ്ക് വിശ്വസിക്കുവാൻ ദൈവം അവസരം കൊടുക്കും. തന്മൂലം അവർ നാശത്തിനിരയായി തീരും. ദൈവത്തിന്റേതു സത്യവും മനുഷ്യന്റേതു വ്യാജവുമാണ്. മനുഷ്യൻ വികാരജീവിയാണ്. പക്ഷെ ദൈവത്തിലുള്ള വിശ്വാസം ഒരിക്കലും വികാരത്തിനു അടിമപ്പെടുത്തരുത്. അതു അന്ധവിശ്വാസത്തിലേക്കു നിങ്ങളെ നയിക്കും എന്നോർക്കുക. സകലത്തേയും വിവേചിച്ചറിയുന്നതിനുള്ള ശക്തി ദൈവാത്മാവിനുണ്ട്. ജഡസംബന്ധമായ കല്പനകൾക്കു കീഴ്പ്പെട്ടാൽ ആത്മാവിന്റെ വിവേചനാശക്തി നിങ്ങൾക്കു ലഭിക്കയില്ല.

ദൈവാത്മാവിനാൽ നല്കപ്പെട്ട വചനം സൗമ്യമായി കൈക്കൊണ്ടാൽ അവൻ തന്റെ ആത്മാവിനെ നിങ്ങളിൽ തരും. തിരുവെഴുത്ത് പറയുന്നതു നീങ്ങൾ പ്രമാണിച്ചാൽ നിങ്ങൾ ലോകത്തിലുള്ളവരുടെ അരുതാത്ത ഒന്നും പ്രവർത്തിക്കയില്ല. പിന്നെ ഒരു ശക്തിക്കും നിങ്ങളെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല.

# വ്യക്തിഗത വേലയുടെ ആവശ്യം

J.C. ചോട്ട്

നമുക്ക് അറിയാം ആഹാരത്തിനു അദ്ധ്വാനം ആവശ്യമെന്ന്. ഭൗതികമായി വേല ചെയ്യാത്തവൻ തിന്നുകയുമരുതു എന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. ആത്മീയമായും ഓരോരുത്തർക്കും ചെയ്യേണ്ടതായ ജോലിയുണ്ട്. കർത്താവിന്റെ വേലയെ പലരും അവഗണിച്ചിട്ടിരിക്കയാണ്. പക്ഷെ ഏതാനും പേർ അതിനെ ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ട്. ലോകത്തിൽ എങ്ങും പോയി സുവിശേഷം പ്രസംഗിപ്പാൻ കല്പിച്ചിരിക്കയാണ് ക്രിസ്തു. പല രീതികളിൽ അതു ചെയ്യാവുന്നതാണ്. പരസ്യമായി പ്രസംഗിക്കാം; വീടുകൾ കയറിയിറങ്ങി വചനം അറിയിക്കാം; റേഡിയോ, സാഹിത്യം, ടെലിവിഷൻ, വീഡിയോ തുടങ്ങി പല വഴികളിൽ കൂടെ ആ ദൗത്യം നമുക്ക് നിറവേറ്റാവുന്നതാണ്. സുവിശേഷ സത്യം ഇന്നു കർത്താവു സഭയെ ഏല്പിച്ചിരിക്കയാണ്. സഭയിലുള്ള ഓരോ വ്യക്തികളും അതു ഏറ്റെടുത്തു ഫലപ്രദമായി പ്രവർത്തിക്കേണ്ടതാണ്. വ്യക്തിപരമായി സുവിശേഷം അറിയിക്കുന്നതു ഏറെ ഗുണകരമായി തീരും.

പരസ്യ പ്രസംഗങ്ങൾക്കു പരിധിയും നിയന്ത്രണവുമുണ്ട്. അതിൽ നേരത്തെ സൂചിപ്പിച്ച റേഡിയോ, ടെലിവിഷൻ, വീഡിയോ എന്നിവ ഉപയോഗിക്കാവുന്നതാണ്. പക്ഷെ അതിന്റെയെല്ലാം പ്രതികരണം നേരിട്ട് അറിയാൻ വിഷമമാണ്. പക്ഷെ ഒരാളുടെ പ്രവർത്തന സമയത്തു തന്നെ അതു കേട്ട വ്യക്തിയിൽ ഉണ്ടാകുന്ന മാറ്റം തിരിച്ചറിയാൻ കഴിയും. സംശയങ്ങൾ ഉടനെ പരിഹരിച്ചുകൊടുക്കാൻ പറ്റും. മുഖാമുഖമായി സംസാരിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രയോജനം പ്രകടമാണ്.

വ്യക്തിപരമായി എങ്ങനെ കർത്താവിന്റെ വേലയിൽ

ഏർപ്പെടാൻ കഴിയും? നിങ്ങൾക്കു പരിചയമുള്ള കൂട്ടുകാരൻെറയോ കൂട്ടുകാരിയുടേയോ അടുക്കൽ ചെന്ന് ബൈബിൾ പഠനം നടത്താം. അല്ലെങ്കിൽ ഏതെങ്കിലും ഒരു കുടുംബത്തെ പരിചയപ്പെട്ട് അവരുടെ വീട്ടിൽ ബൈബിൾ പഠനം ആരംഭിക്കാം. അങ്ങനെ ഓരോരുത്തരോടായി ദൈവദൂത് അറിയിക്കാം. പരസ്യമായി പ്രസംഗിക്കാനുള്ള കഴിവോ അവസരമോ എല്ലാവർക്കും കിട്ടിയെന്ന് വരികയില്ല. പക്ഷെ വ്യക്തികൾക്കു ചെയ്യാവുന്നതാണിത്. കുറെ ലഘുലേഖകളോ, മാസികകളോ മററു ക്രിസ്തീയ പ്രസിദ്ധീകരണങ്ങളോ എടുത്തുകൊണ്ടുപോയി വിതരണം ചെയ്യാം. അവരുടെ അഡ്രസ് ശേഖരിച്ച് തപാൽ മുഖാന്തരം വേദപഠനം നടത്താം, ഒരു പക്ഷെ നിങ്ങളുടെ വീട്ടിൽ അതിഥിയായി ഒന്നോ അധികമോ ആളുകൾ വന്നെന്നിരിക്കാം. അവരോടു രക്ഷാമാർഗ്ഗം പറയുവാൻ അവസരം ദൈവം ഒരുക്കിയതാണ്.

ഞായറാഴ്ച ആരാധനക്കു പോകുന്നതു മാത്രമായി നിങ്ങളുടെ ക്രിസ്തീയ ജീവിതത്തെ നിങ്ങൾ ഒതുക്കി നിർത്തരുത്. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങൾ വിശ്വസ്തരായിരിക്കണം. എല്ലാ കർത്തൃ ദിവസവും ദൈവത്തെ വചന പ്രകാരം ആരാധിക്കണം. അതുപോലെ തന്നെ നിങ്ങളെകൊണ്ടു ദൈവത്തിനും മററു അനേകം പേർക്കും ആവശ്യമുണ്ട്. വീട്ടിൽ, ജോലി സ്ഥലങ്ങളിൽ യാത്രയിൽ, ഒഴിവു ദിവസങ്ങളിൽ എല്ലാം നിങ്ങൾക്കു വ്യക്തി പരമായി ചെയ്യാവുന്ന ആത്മീയ പ്രവർത്തനങ്ങൾ ഉപേക്ഷയായി വിചാരിക്കരുത്. നല്ല മാതൃകയുള്ള ജീവിതം നയിക്കയും ആളുകളെ സമീപിച്ച് അവരെ ദൈവേഷ്ടം മനസിലാക്കി കൊടുക്കേണ്ട കർത്തവ്യം നിങ്ങളിൽ ഉണ്ട്. സത്യമാണ് ആളുകളെ പരിവർത്തനം ചെയ്യിക്കുന്നതു. മററുള്ളവർ ക്രിസ്തുവിനെ അറിയണമെങ്കിൽ നിങ്ങൾ അതു പറയേണ്ടിയിരിക്കുന്നു. സത്യത്തെ മറച്ചു പിടിക്കരുത്. നിങ്ങളുടെ പരിശ്രമമാണ് അതിനുണ്ടാകേണ്ടതു. ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി നിങ്ങൾ തന്നെ ചെയ്തു തീർക്കണം.

തീർച്ചയായും ഒഴിവു കഴിവുകൾ പലതും നിരത്താൻ കഴിയും. ഞാൻ ഒരു ഉപദേഷ്ടാവല്ല, പരിശീലനം സിദ്ധിച്ചിട്ടില്ല, ബൈബിളിനെ കുറിച്ചു അധികമൊന്നും അറിഞ്ഞുകൂടാ, ആരെങ്കിലും സംശയം ചോദിച്ചാൽ ഉത്തരം പറയണ്ടേ, ആളുകൾ അധികവും താല്പര്യമുള്ളവരല്ല, സമയമില്ല എന്നു തുടങ്ങി ധാരാളം ഒഴിവുകഴിവുകൾ പറയാൻ സാധിക്കും. ഒരു ദൈവ വേലക്കാരനാകാൻ നിങ്ങൾ ഉപദേഷ്ടാവ് ആകണമെന്നില്ല, ബൈബിൾ മുഴുവൻ അറിഞ്ഞിരിക്കണമെന്നില്ല. ബൈബിൾ പാണ്ഡിത്യം വേണമെന്നില്ല. ഒരു ക്രിസ്ത്യാനിയായി തീരുവാൻ നിങ്ങൾ ചെയ്തതെന്തെന്നു നിങ്ങൾക്ക് അറിയാമല്ലൊ. അതു നിങ്ങളുടെ സ്നേഹിതന്മാരോടു പറഞ്ഞു കൂടെ? എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ ഒരു ക്രിസ്ത്യാനിയായപ്പോൾ ചെയ്തതെന്നും അപ്പോൾ കർത്താവ് നിങ്ങളെ അവന്റെ സഭയോടു ചേർത്തതും പറയാൻ നിങ്ങൾക്കു കഴിയുകയില്ലേ?

പലരും ഭയപ്പെടുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം ബൈബിളിൽ ഉണ്ട്. നിങ്ങൾ അഭിമുഖീകരിക്കുന്ന ചോദ്യങ്ങൾക്കു ഉടനെ മറുപടി പറയണമെന്നില്ല. വീട്ടിൽ പോയി ബൈബിൾ തുറന്ന് വായിച്ച് ഉത്തരം കണ്ടെത്തണം. അല്ലെങ്കിൽ അറിവുള്ളവരോടു ചോദിക്കണം. അങ്ങനെയാണ് അറിവ് സമ്പാദിക്കുന്നത്. നിങ്ങൾക്കു മനസുണ്ടെങ്കിൽ സമയമുണ്ടാകും. അതാണ് പലപ്പോഴും അനുഭവപ്പെടുന്ന യാഥാർത്ഥ്യം. മററുള്ള ആളുകൾക്കു താല്പര്യമില്ലെങ്കിൽ അവർക്കു താല്പര്യം ജനിപ്പിക്കേണ്ടതു നിങ്ങളാണ്. ഒരു വ്യാപാരി തന്റെ സാധനം വില്ക്കുവാൻ ശ്രമിക്കുമ്പോൾ അവരെ ബോധ്യപ്പെടുത്തേണ്ട ചുമതല വ്യാപാരിക്കാണ്. വ്യത്യാസം വളരെ വലുതാണ് ആത്മിയ കാര്യത്തിൽ. ലോകത്തിൽ വെച്ച് ഏററവും വലിയ ഉല്പന്നത്തെയാണ് ദൈവം നിങ്ങൾക്കു തന്നിരിക്കുന്നതു. ആത്മാക്കളെ രക്ഷിക്കത്തക്ക ശക്തിയുള്ള സുവിശേഷം. ആ സത്യം നിങ്ങൾ അറിയിക്കുമ്പോൾ കർത്താവു നിങ്ങളെ സഹായിക്കും.

കർത്താവിനായി നിങ്ങൾ ആളുകളെ സമീപിക്കാൻ തുടങ്ങുമ്പോൾ അവസരങ്ങൾ ധാരാളം ദൈവം ഒരുക്കി തരും. കൂടുതൽ പ്രവർത്തിക്കുന്തോറും പിന്നെയും പ്രവർത്തിക്കുവാനുള്ള വാഞ്ഛ നിങ്ങളിൽ ഉടലെടുക്കും. ഒരാത്മാവിനെ പാപത്തിൽ നിന്നും തിരിച്ച് പരിവർത്തനം ചെയ്യിക്കുമ്പോഴുണ്ടാകുന്ന സന്തോഷവും സംതൃപ്തിയും ഈ ലോകത്ത് മറ്റൊന്നിലും ഒരിക്കലും ലഭ്യമല്ല. ഇതു നിങ്ങൾക്കു അനുഭവിക്കാൻ പററും.

വ്യക്തി ഗത സുവിശേഷ വേലക്കായി നിങ്ങൾ പോകുമ്പോൾ ചില കാര്യങ്ങൾ മനസിൽ സൂക്ഷിക്കുന്നതു നന്നായിരിക്കും. നിങ്ങൾ ആ വ്യക്തിയെ ക്രിസ്തുവിലേക്കു തിരിക്കുവാനാണ് ശ്രമിക്കുന്നതു എന്നു ഓർമ്മിക്കുക അവൻെറ ആത്മാവിനെയാണ് ലക്ഷ്യമിടേണ്ടത്. ആകയാൽ നിങ്ങൾ ചെയ്യുന്നതു ഗൗരവമായി എടുക്കണം. അയാളോടു സ്നേഹവും ദയയും കാണിക്കണം. നിങ്ങൾക്കു കോപം ജനിക്കുന്ന ചോദ്യങ്ങൾ ചോദിക്കുവാൻ നിങ്ങൾ അയാൾക്കു അവസരം കൊടുക്കരുത്. ആത്മാവിനോടുള്ള കരുതലാണ് നിങ്ങൾ പ്രകടമാക്കേണ്ടതു. നിങ്ങൾക്ക് എല്ലാം അറിയാമെന്ന ധാരണ കൊടുക്കരുത്. പരിഹാസമായ രീതിയിലുള്ള സംസാരം ഒഴിവാക്കണം. ബൈബിളിലെ വാക്യങ്ങൾ എടുത്തു അദ്ദേഹത്തെകൊണ്ടു വായിപ്പിക്കുക. അതിനെ സംബന്ധിച്ച് സ്നേഹിതനോടു ചോദ്യങ്ങൾ ചോദിച്ച് ഉത്തരം അറിയാമോ എന്നു ചോദിക്കാം. ഇല്ലെങ്കിൽ സൗമ്യമായി പറഞ്ഞു കൊടുക്കണം. തുടർന്നും പഠനം നടത്തുക. പ്രാർത്ഥനയോടെ ആരംഭിക്കയും പ്രാർത്ഥനയോടെ അവസാനിപ്പിക്കയും ചെയ്യുക. വളരെ നീട്ടികൊണ്ടു പോകാതെ അവരുടെ അനുസരണം ഉറപ്പു വരുത്തുക

നിങ്ങൾ ഇങ്ങനെ പല തരത്തിലുള്ള ആളുകളെ കണ്ടെത്തും. വ്യത്യസ്ഥ മതങ്ങളിൽ പെട്ടവർ, സമുദായ വിഭാഗങ്ങളിൽ പെട്ടവർ കാണും. അവരെല്ലാം അവരുടെ

വിശ്വാസത്തെയും ആചാരത്തെയും മുറുകെ പിടിച്ച് ന്യായ കരിച്ച് വാദിക്കാനും തർക്കിക്കാനും ഒക്കെ തുടങ്ങിയെന്നു വരും. അവരോടു തിരിച്ച് തർക്കിക്കാനോ ശണ്ഠയിടാനോ പോകരുത്. അവർക്കു സത്യം മനസ്സിലാക്കണമെന്ന ഉദ്ദേശമല്ല ഉള്ളത്. അവരോടു സത്യം തുറന്നു പറഞ്ഞശേഷം ഒഴിഞ്ഞു മാറുന്നതായിരിക്കും ബുദ്ധി. സത്യാന്വേഷികളെ കണ്ടെത്തി അവരെ രക്ഷിക്കുവാൻ നിങ്ങളാൽ ആവതും ശ്രമിക്കുക.

തെററിൽ മുഴുകി ജീവിക്കുന്ന സമൂഹമാണ് നിങ്ങൾക്കു മുമ്പിൽ ഉള്ളതു. പരമാധികാരം തിരുവെഴുത്തിനായിരിക്കണം. നിങ്ങൾ നിങ്ങളുടെ അഭിപ്രായമോ നിഗമനമോ ആയിരിക്കരുത് പറയുന്നതു. ദൈവ വചനമാണ് നിങ്ങൾ അറിയിക്കുന്നത് എന്ന് തീർച്ച ഉണ്ടായിരിക്കണം. ശരിയും തെററും തമ്മിൽ ഇടകലർന്ന ജീവിതം നയിക്കുന്നവരാണ് ഭൂരിഭാഗം പേരും. അവർക്കു ശരിയായ വഴി കാണിച്ചു കൊടുക്കണം. പ്രതിവിധി സുവിശേഷമാണ്. ഓരോരുത്തരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും നിങ്ങൾ മറുപടി കൊടുക്കേണ്ടി വരുമ്പോൾ നിങ്ങൾ പരിജ്ഞാനത്തിൽ വളരും. ആവശ്യമാണല്ലൊ കണ്ടുപിടിത്തത്തിനു മനുഷ്യനെ സഹായിക്കുന്നതു. അതുപോലെ ആത്മീയ സത്യം ബൈബിളിൽ ഉള്ളതു കണ്ടെത്തി ആളുകൾക്കു കൊടുത്തു കൊണ്ടിരിക്കുമ്പോൾ നിങ്ങൾ അറിയാതെ വളർന്നുകൊണ്ടിരിക്കും. അല്ലാതെ വളരുകയില്ല.

നിങ്ങൾ നിങ്ങളുടെ ഹൃദയം ദൈവത്തിനു സമർപ്പിച്ചു കഴിയുമ്പോൾ മുതൽ നിങ്ങളുടെ വേല ആരംഭിക്കുകയാണ് വേണ്ടത്. നിങ്ങൾക്കു കിട്ടിയ രക്ഷയുടെ സന്തോഷവും ആത്മീകാനുഗ്രഹങ്ങളും മററുള്ളവർക്കും പങ്കിടണം. അതാണ് സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസം, നിർവ്യാജ വിശ്വാസം എന്നൊക്കെ പറയുന്നതു. നിങ്ങൾ ഒരു യഥാർത്ഥ വിശ്വാസിയാണോ? ഇല്ലെങ്കിൽ ദൈവ വചനത്തിൽ വിശ്വസിച്ച് വചനം പ്രമാണിച്ച് ക്രിസ്ത്യാനിയായി തീരുക.

★

## സ്ത്രീകൾക്കു വേണ്ടി

# സ്നാനത്തിന് ഒരു മുൻകുറി

ആശാ സിദ്ധാർത്ഥൻ

ഭൂമി ഉണ്ടായ കാലത്തിനുശേഷം ഒരു ഭയങ്കര വെള്ളപൊക്കം ആരംഭകാല ഭൂമിയെ മുഴുവനുമായി നശിപ്പിച്ച ഒരു ചരിത്രത്തെക്കുറിച്ച്, ഒന്നാം നൂറ്റാണ്ടിനുശേഷം ജീവിക്കുന്ന നമുക്ക് ഒരു ഉപദേശത്തിലൂടെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയിരിക്കുന്നു. നോഹയെപ്പറ്റി നാം വായിക്കുമ്പോൾ തന്നെ ഒരു ഭംഗിയുള്ള പെട്ടകവും നമ്മുടെ മനസിൽ കടന്നുവരും. എന്നാൽ പെട്ടകവും നോഹയും കുടുംബവും മാത്രം നമ്മുടെ മനസിൽ കടന്നു വന്നാൽ അത് പൂർണ്ണമായ ഒന്നായി തീരുന്നില്ല. നോഹക്കും കുടുംബത്തിനും പെട്ടകം മാത്രം ഒരു രക്ഷിപ്പ് നൽകുന്നില്ല. നോഹയും അവരുടെ കുടുംബവും പെട്ടകത്തിനുള്ളിൽ ഇരുന്നപ്പോൾ ആ പെട്ടകത്തെ പൊക്കിയതു വെള്ളമായിരുന്നു. അവർ രക്ഷിക്കപ്പെട്ടു എന്ന് പരിശുദ്ധാത്മാവ് പുതിയ നിയമത്തിൽ നമുക്ക് വെളിപ്പെടുത്തിതരുന്നു.

(1 പത്രോസ് 3:20) "ആ പെട്ടകത്തിൽ അല്പ ജനം എന്നുവച്ചാൽ എട്ടുപേർ, വെള്ളത്തിൽകൂടി രക്ഷപ്രാപിച്ചു; അത് സ്നാനത്തിന് മുൻകുറി". നമുക്കറിയാം അവർ പെട്ടകത്തിൽ കൂടി രക്ഷ പ്രാപിച്ചു, എന്നാൽ ആ പെട്ടകം വെള്ളത്താൽ ഉയർത്തപ്പെട്ട് മലകൾക്കുമീതെ ആ വെള്ളം പൊങ്ങിയപ്പോൾ ആ വെള്ളത്തിനു മുകളിൽ ഇരുന്ന പെട്ടകത്തിൽ ഉള്ളവരെ രക്ഷിച്ചു. അതേ വെള്ളം അനുസരിക്കാതിരുന്ന ഒരു ലോകത്തെ നശിപ്പിച്ചു. വെള്ളത്തെ കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. 1 പത്രോസ് 3:21-ൽ ശ്രദ്ധിച്ചാൽ ഇത് സ്നാനത്തിന് മുൻകുറി. മുൻകുറി എന്ന വാക്കിന് അർത്ഥം ഇപ്പോൾ നടക്കുന്ന ഒരു കാര്യത്തിനു സാമ്യമായി മുമ്പ് നടന്നത്. ഉദാഹരണത്തിന് പഴയനിയമ കാലത്തിൽ മഹാപുരോഹിതൻ ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള കൂടാരത്തിനുള്ളിൽ കയറിപോയി.

ഇതു, ക്രിസ്തു കുരിശിൽ മരിച്ച് താൻ ചിന്തിയ രക്തത്താൽ സത്യമായി സ്വർഗ്ഗരാജ്യത്തിൽ നമുക്കായി കയറിപ്പോയി എന്നുള്ളതിന് ഒരു മുൻകുറി, (എബ്രായർ 9: 23-24). അതുപോലെ മത്തായി 12: 39-40- ൽ ക്രിസ്തു ഒരു അടയാളത്തെക്കുറിച്ച് സംസാരിക്കുന്നു. യോന മത്സ്യത്തിന്റെ വയററിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ ക്രിസ്തുവും മൂന്നു രാവും മൂന്നുപകലും കല്ലറയ്ക്കുള്ളിൽ ഇരിക്കേണ്ടത് ആവശ്യമായിരുന്നു. അതുപോലെ പഴയനിയമകാലത്തിൽ മനുഷ്യരുടെ പാപങ്ങളെ കഴുകി കളയുന്നതിന് ഒരു ആടിനെ ബലിയായി അർപ്പിച്ചിരുന്നു. അതുപോലെ ലോകത്തിന്റെ പാപങ്ങളെ ചുമന്നു നിൽക്കുന്ന ദൈവത്തിന്റെ ആട്ടിൻ കുട്ടിയായി ക്രിസ്തു ഇരിക്കുന്നു (യോഹന്നാൻ 1:29). പഴയനിയമത്തിൽ കാണുന്ന ഇവയെല്ലാം സ്വർഗ്ഗരാജ്യത്തിൽ കയറിയ യേശുവിനും, മൂന്നുരാവും മൂന്നുപകലും കല്ലറയിൽ കഴിഞ്ഞിരുന്ന യേശുവിനും പാപനിവാരണ ബലിയായ യേശുവിനും മുൻകുറിയായി കാണപ്പെടുന്നു.

നോഹയുടെ കാലത്തു എട്ടുപേർ പെട്ടകത്തിനുള്ളിൽ കടക്കുകയും പെട്ടകത്തിന്റെ വാതിൽ അടക്കുകയും പെട്ടകം പൊങ്ങുകയും നാൽപതു നാൾ മഴ പെയ്യുകയും ചെന്ന് പർവ്വതങ്ങൾക്കു മുകളിൽ വെള്ളം ഉയരുകയും അതിനു മുകളിൽ പെട്ടകവും അതിനുള്ളിൽ നോഹയുടെ കുടുംബവും. പെട്ടകത്തിൽകൂടി നോഹയും കുടുംബവും രക്ഷപ്പെട്ടുവോ എന്നു ചോദിച്ചാൽ അതേ എന്ന് ഉത്തരം ലഭിക്കും. എന്നാൽ ആ പെട്ടകം അവരെ നശിപ്പിക്കാതെ ഇരുന്നതിന് കാരണം ആയിതീർന്നത് വെള്ളം. അതേ കാലഘട്ടത്തിൽ, അതേ വെള്ളം ദൈവം വെറുത്ത, ഒരു ജനത്തെ, തങ്ങളെ തന്നെ നാശത്തിനിരയാക്കിയ ഒരു കൂട്ടം ജനത്തെ നശിപ്പിക്കുന്നതിനായി കാരണമായിതീർന്നു. ഒരേ വെള്ളത്താൽ ചിലർ രക്ഷിക്കപ്പെട്ടു. അനേകായിരം ജനങ്ങൾ നശിച്ചും പോയി. ഇത് സ്നാനത്തിന് മുൻകുറി എന്നു പറയുന്നു.

അതുപോലെ ഇന്ന് പ്രസംഗിക്കപ്പെടുന്ന സ്നാനം, കൊടുത്തുകൊണ്ടിരിക്കുന്ന സ്നാനം, എടുത്തുകൊണ്ടിരിക്കുന്ന സ്നാനം, സ്നാനത്തിന് ഉപയോഗിക്കുന്ന വെള്ളം നോഹയുടെ കാലത്തിൽ നോഹയെയും കുടുംബത്തേയും രക്ഷിച്ചതുപോലെയും, സ്നാനം എടുക്കാത്തവർ നോഹയുടെ കാലത്തിൽ അനുസരിക്കാതിരുന്ന മക്കളെ നശിപ്പിച്ചതുപോലെയും ഇരിക്കുന്നു. ആദ്യമായി 19-ാം വചനത്തിൽ ദൈവം ദീർഘക്ഷമയുള്ളവനായി ഇരുന്നു എന്ന് പറയുന്നു. ദൈവം കോപമുള്ളവനായി തന്നെ ഇരുന്നാൽ മനുഷ്യൻ ഉണ്ടായി അധികം താമസിയാതെ തന്നെ നശിപ്പിക്കപ്പെടുമായിരുന്നു. ദൈവം ദീർഘക്ഷമയുള്ളവനായി ഇരിക്കുന്നതിനാൽ ആണ് ലോകത്തിലുള്ള എല്ലാ മനുഷ്യരും തങ്ങളുടെ പാപങ്ങളെ ദൈവത്തിന്റെ ദൃഷ്ടിയിൽ ചെയ്തിട്ടു പോലും അവന്റെ കരുണയാൽ ചിലർ രക്ഷിക്കപ്പെട്ടു വരുന്നത്. നാം ആരാധിക്കുന്ന ദൈവം കാത്തിരിക്കുന്നവൻ കൂടെ ആണ്. ഇന്ന് നമുക്ക് ക്ഷമയില്ലാത്തതിനാൽ ദേശം കത്തിയെരിയുന്നു. സമുദായം വർഗ്ഗീയതയാലും മററ് വഷളത്വത്താലും നിറഞ്ഞിരിക്കുന്നു. ഉല്പത്തി 6: 5 ൽ ''ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലുതെന്നും അവന്റെ ഹൃദയവിചാരങ്ങളും നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്ന് യഹോവ കണ്ടു. ലൂക്കൊസ് 17:27-ൽ നോഹ പെട്ടകത്തിൽ കടന്ന നാൾ വരെ അവർ തിന്നും, കുടിച്ചും, വിവാഹം കഴിച്ചും, വിവാഹത്തിന് കൊടുത്തും പോന്നു. ജലപ്രളയം വന്നു അവരെ എല്ലാവരേയും മുടിച്ചു കളഞ്ഞു.'' നോഹയുടെ കാലത്തു ജനം ദൈവത്തെ മറന്നിരുന്നു. അവരുടെ ഹൃദയ വിചാരമെല്ലാം ദുഷ്ടത നിറഞ്ഞതായിരുന്നു. ഇങ്ങനെയുള്ള കാലത്തിലാണ് മനുഷ്യനെ നശിപ്പിക്കുന്നതിന് ദൈവം തീരുമാനിക്കുന്നത്. നോഹയെയും കുടുംബത്തെയും മാത്രം ആ തലമുറയിൽ രക്ഷിക്കപ്പെടാൻ കാരണം, അവർ ദൈവത്തെ അനുസരിച്ചു. റോമർ 9:15- ''എനിക്ക് കരുണ തോന്നേണം എന്നുള്ളവനോട് കരുണ തോന്നുകയും എനിക്കു കനിവ് തോന്നേണം എന്നുള്ളവനോട് കനിവ്

തോന്നുകയും ചെയ്യും, ദൈവത്തിന്റെ മുന്നറിവും തെരഞ്ഞെടുപ്പും അങ്ങനെയുള്ളത്. അതിനാൽ ദൈവം എല്ലാ മനുഷ്യരുടെ മുൻപിലും തന്റെ കരുണയെ വെളിപ്പെടുത്തുന്നതിനായ് നോഹയെ തിരെഞ്ഞെടുത്തു. ഉല്പത്തി 6:8-ൽ നോഹയ്ക്കോ യഹോവയുടെ കൃപ ലഭിച്ചു.

ദൈവം ദീർഘക്ഷമയും, ദയയും, കാത്തിരിക്കുന്നതിന് മനസുള്ളവനുമായിരുന്നു. തന്റെ പ്രിയപ്പെട്ട സൃഷ്ടിയെ അവൻ നശിപ്പിക്കുന്നതിനായ് സൃഷ്ടിച്ചതല്ല. അവരെ തന്റെ മക്കളായും തന്റെ ജനമായും വച്ച് എന്നെന്നും തന്റെ കൂടെ വസിക്കുന്നതിനാണ് ദൈവം അവരെ സൃഷ്ടിച്ചതു എന്ന് നാം പഠിക്കുന്നു. ദൈവം ഈ ലോകത്തെ മുഴുവനും നശിപ്പിക്കുന്നതിന് തീരുമാനിച്ചപ്പോഴം ചിലരെ രക്ഷിച്ച് ദൈവത്തിന് യോജിച്ച ഒരു കൂട്ടം ആളുകളെ ശേഷിപ്പിക്കണം എന്നു തീരുമാനിച്ചു.

ദൈവത്തിന്റെ പദ്ധതി എന്ത്? അവന്റെ പദ്ധതിയിൽ വന്നു ചേർന്നവർ ആരെല്ലാം? ദൈവം എന്തുകൊണ്ട് നോഹയുടെ കുടുംബത്തെ രക്ഷിക്കാൻ തീരുമാനിച്ചു? മനസ്സലിവും കരുണയും എന്തിന് കാണിച്ചു? നോഹയോട് മാത്രമേ ആ കരുണയെ ദൈവം കാണിക്കുന്നുള്ളുവോ? അല്ല നോഹയെപ്പോലെ കർത്താവ് പറയുന്ന വാക്കുകളെ വിശ്വസിക്കുന്ന നമ്മളെപ്പോലുള്ള മക്കളെയും രക്ഷിക്കുന്നതിനായ് ദൈവം നോഹയെയും പെട്ടകത്തെയും നമുക്ക് മാതൃകയായി കാണിക്കുന്നു. പെട്ടകം എന്നാൽ ഒരു വലിയ കപ്പലിനും ചെറിയ കപ്പലിനും മദ്ധ്യേ ഉള്ളത് എന്നു പറയാം. പെട്ടകത്തെ ഉണ്ടാക്കുവാൻ അറിയാത്ത മനുഷ്യനോട് അതു ഉണ്ടാക്കുവാൻ കല്പിക്കുന്നു. ദൈവം ആരെ സ്നേഹിക്കുന്നുവോ, ആരെ രക്ഷിക്കുന്നതിന് ആഗ്രഹിക്കുന്നുവോ അവർ ദൈവത്താൽ ഒരു ക്രിയ ചെയ്യുന്നതിന് നിയമിക്കപ്പെടുന്നു. ഈ പെട്ടകം നോഹയുടെ അനുസര

ണയും ദൈവത്തിൽ ആശ്രയിച്ചിരുന്നതിനെയും എടുത്തു കാട്ടുന്ന ഒരു സന്ദർഭമായി തീരുന്നു. ഈ പെട്ടകം ഗോഫർ മരംകൊണ്ട് ഉണ്ടാക്കണം. ഭൂമിയിൽ കടുപ്പം ഉള്ള മരങ്ങളിൽ ഒന്നാണ് ഗോഫർ മരം. വേറെ മരംകൊണ്ടു പാടില്ല. ദൈവം കൊടുത്ത നിയമത്തെ അനുസരിക്കേണ്ടത് ആവശ്യമായിരുന്നു. ആരുടെമേൽ ദൈവം കരുണയുള്ളവനായും കനിവുള്ളവനായും ഇരിക്കാൻ ഇഷ്ടപ്പെടുന്നുവോ അങ്ങനെയുള്ളവർ ദൈവത്തിന്റെ നിയമത്തെ അസാധാരണ രീതിയിൽ നിറവേറ്റേണ്ടിയിരിക്കുന്നു. അതിനെതിരായി തങ്ങളുടെ സ്വന്തം ആലോചനയാൽ ഒന്നും ചെയ്യാൻ പാടില്ല. പെട്ടകത്തെ എങ്ങനെ ഉണ്ടാക്കണം എന്നു കൂടി ദൈവം പറഞ്ഞിരിക്കുന്നു (ഉല്പത്തി 5:13-22). ഈ ജോലി അഞ്ഞൂറ് വയസ്സിൽ ആരംഭിച്ച് ഏറെ കുറെ അറുന്നൂറ് വയസ്സിൽ തീർക്കുന്നു. അവനേയും അവന്റെ കുടുംബത്തേയും രക്ഷിക്കുന്നതിനായ് അവൻ എടുക്കുന്ന ശ്രമം നോക്കുമ്പോൾ ഇന്ന് ക്രിസ്ത്യാനികളായ നാം കർത്താവിന്റെ മക്കളായി ജീവിക്കുന്നതിന് എങ്ങനെയുള്ള ശ്രമം നടത്തിവരുന്നു എന്ന് നോക്കിയാൽ ഒന്നും ഇല്ല. ഇത്ര പാടുപെട്ട് പെട്ടകത്തിനുള്ളിൽ വന്നു ചേരുന്നു. ഉല്പത്തി 6:22-ൽ കർത്താവ് കല്പിച്ചതൊക്കെയും നോഹ ചെയ്തു. അങ്ങനെതന്നെ അവൻ ചെയ്തു. അവൻ പെട്ടകത്തിനുള്ളിൽ കടന്നു. അപ്പോൾ ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്ന് ആകാശത്തിന്റെ കിളിവാതിലുകളും തുറന്നു ഭൂമി വെള്ളത്താൽ ഉയർന്നു. വെള്ളം ജനങ്ങളുടെ കാൽമുട്ട് വരെ വന്നപ്പോഴും ചാടികളിച്ചിരിക്കും. അരയോളം വന്നപ്പോൾ നീന്താൻ ആഗ്രഹിച്ചിരിക്കും. തല വരെയ്ക്കും വന്നപ്പോൾ മാത്രമായിരിക്കും തങ്ങൾക്ക് ന്യായവിധി ആരംഭിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയത്. എല്ലാ മനുഷ്യരും നശിച്ചു പോകുന്നു. ആരും രക്ഷപ്പെടുന്നില്ല.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ഗർഭഛിദ്രത്തെ വാസ്തവത്തിൽ വചനം ഖണ്ഡിക്കുന്നുവോ

ബോബ് പ്രിച്ചാർഡ്

ലോകത്തിൽ എങ്ങും പ്രത്യേകിച്ച് മത സംഘടനകളിലും വിഭാഗങ്ങളിലും ഉള്ള ധാരാളം ആളുകളിൽ ആശയ കുഴപ്പം ഉണ്ടാക്കിയിരിക്കുന്ന ഒരു വിഷയമാണിത്. ഇതിന്റെ ആധികാരികമായ ശരിയേത്, തെറേറത് എന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. ഏതൊരു കാര്യത്തെ കുറിച്ച് ആയാലും നാം ഊഹിക്കുന്നതിനേക്കാൾ ഉചിതം വിവേചിച്ച് സത്യം ഗ്രഹിക്കുന്നതാണ്. പഴയ നിയമത്തിലോ പുതിയ നിയമത്തിലോ ഗർഭഛിദ്രത്തെ പററി പറയുന്നില്ല. പക്ഷെ തിരുവെഴുത്തിലെ പല തത്വങ്ങളും ഇതിന്റെ പരിഗണനക്കായി നമുക്ക് എടുക്കാവുന്നതാണ്. ജീവൻ, എല്ലാ ജീവനും ദൈവത്തിൽ നിന്നു ലഭിക്കുന്ന ദാനമാണ്. വളരെ പ്രാധാന്യമുള്ള ഒന്നാണ് പ്രാണൻ. ദൈവമാണ് എല്ലാവർക്കും ജീവനും ശ്വാസവും നല്കുന്നതു എന്നു അപ്പൊസ്തലനായ പൌലൊസ് പ്രതിപാദിച്ചിട്ടുണ്ട് (പ്രവൃത്തി 17:26).

മനുഷ്യജീവൻ ദൈവ സ്വരൂപത്തിലുള്ളതാണ്. അതു അമ്മയുടെ ഗർഭപാത്രത്തിൽ നിന്നു പുറത്തേക്കു ജനിക്കാത്ത പ്രജയായാലും വാസ്തവമാണ് (ഉല്പത്തി 1:27). മററുള്ള എല്ലാ ജീവനെക്കാളും മനുഷ്യരുടെ പ്രാണനു വിലയുള്ളതായി കാണുന്നത് രാജാവായ, പിതാവായ ദൈവത്തിന്റെ സാദൃശ്യത്തിലാണ് നമ്മുടെ ജീവൻ എന്നതുകൊണ്ടത്രെ. പ്രത്യുല്പാദനശേഷി ദൈവ സൃഷ്ടിക്കു നല്കിയിട്ടുണ്ട്. ദൈവവുമായിട്ടുള്ള പ്രത്യേക ബന്ധം മനുഷ്യനെ ഒരു പടി ഉയർത്തി നിർത്തുന്നു. രക്തത്തിലാണ് മനുഷ്യന്റെ ജീവൻ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ

അവൻെറ രക്തം മനുഷ്യൻ ചൊരിയിക്കും. ദൈവത്തിൻെറ സ്വരൂപത്തിലല്ലോ മനുഷ്യനെ ഉണ്ടാക്കിയതു (ഉല്പത്തി 9:6).

വിശുദ്ധ ജീവിതത്തിൻെറ മാതൃക പ്രദർശിപ്പിച്ചു കൊണ്ട് മനുഷ്യരുടെ പാപ പരിഹാര യാഗമായി സ്വയമായി അർപ്പിച്ചുകൊടുത്ത യേശുവിനെ നോക്കുക. ആരും നശിച്ചു പോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കേണ്ടതിനാണ് ദൈവം യേശുവിനെ ലോകത്തിലേക്ക് അയച്ചതു (യോഹന്നാൻ 3:16). മനുഷ്യർക്കു ജീവൻ ഉണ്ടാകുന്നതിനും സമൃദ്ധമായി ഉണ്ടാകുന്നതിനുമാണ് യേശു വന്നത് (യോഹന്നാൻ 10:10). മനുഷ്യനു ജീവൻ നല്കുന്നതു ദൈവമാകയാൽ ആ ജീവൻെറ വില ദൈവത്തിനു നന്നായി അറിയാം. അതുകൊണ്ട് ഒരാത്മാവുപോലും നശിച്ചു പോകുന്നതു ദൈവത്തിനു ഇഷ്ടമല്ല. ജീവൻ നില നിർത്തുവാനാണ് കർത്താവ് തൻെറ ശിഷ്യന്മാരോടു ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പാൻ കല്പിച്ചതു (മർക്കോസ് 16:15). അവർ അതു അനുസരിക്കയും ചെയ്തു.

ഒരു ശിശു ജനിക്കുന്നതിനു മുൻപും ജനിച്ച ശേഷവും ഉള്ള വ്യത്യാസത്തെ ബൈബിൾ സൂചിപ്പിക്കുന്നില്ല. അതിനർത്ഥം രണ്ടു അവസ്ഥയിലും ശിശു ഒരുപോലെയാണ് എന്നത്രേ. ദൈവം യിരമ്യാ പ്രവാചകനോടു സംസാരിക്കുന്നതു: "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുൻപെ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു (യിരമ്യാവ് 1:5). എന്നാൽ അവൻെറ അമ്മ ആ ഗർഭത്തെ അലസിപ്പിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു? ദൈവം ഉരുവാക്കിയ ഒരു ജീവനെ ഇല്ലാതാക്കുവാൻ മററാർക്കും അവകാശമില്ല. ഒരു ശിശു അമ്മയുടെ ഉദരത്തിലാണെങ്കിലും അതിനു ജീവൻ ഉണ്ട്; ശ്വസിക്കയും ആഹാരം ആ

കിരണം ചെയ്യുകയും ചെയ്യും. പരിശുദ്ധാത്മാവിനാൽ യേശുവിനെ ഗർഭം ധരിച്ച മറിയ എലിശബത്തിനെ വന്ദനം ചെയ്തപ്പോൾ എലിശബത്തിൻെറ ഉള്ളിലെ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി (ലൂക്കോസ് 1:45). അതുകൊണ്ടു ഗർഭപാത്രത്തിലുള്ള ശിശുവിനെ ഇല്ലാതാക്കുന്നതു ഒരു ജീവനെ നശിപ്പിക്കുന്നതിനു തുല്യമാണ്.

വളരെയധികം തർക്കവും വാദവും ഈ വിഷയത്തെ സംബന്ധിച്ച് നടക്കുന്നുണ്ട്. ഇതിനെ ചിലർ അനുകൂലിച്ചും മററു ചിലർ പ്രതികൂലിച്ചും സംസാരിക്കുന്നുണ്ട് ആവശ്യമില്ലാത്ത കുട്ടിയെയാണ് ഇല്ലാതാക്കുന്നത് എന്നും പുറത്തു വന്നശേഷം നശിപ്പിക്കുന്നതാണ് തെററ് എന്നും ആളുകൾ പറയുന്നു. അമ്മയുടെ ആരോഗ്യത്തിനു ഹാനികരമാകുന്ന ഒന്ന് നശിക്കുന്നതുകൊണ്ടു തെററില്ലെന്നും വാദിക്കാറുണ്ട്. എതെല്ലാം തരത്തിൽ ഇതിനെ ന്യായീകരിച്ചാലും ശരി ഇതിൽ ഉൾക്കൊണ്ടിരിക്കുന്ന യാഥാർത്ഥ്യത്തെ കാണാതിരിക്കാൻ സാദ്ധ്യമല്ല. ജീവനെ നശിപ്പിക്കയാണ് എന്നതാണ് വാസ്തവം. ജനിച്ചില്ലെന്ന കാരണത്താൽ കുഞ്ഞിന് ജീവൻ ഇല്ലെന്നതു സത്യവിരുദ്ധമാണ്. ചെയ്യുന്നതു എന്തിനു വേണ്ടിയായാലും ശരി ഒരു ജീവനെ എടുക്കുവാൻ മനുഷ്യർക്ക് ആർക്കും അവകാശമില്ല. അതു പുരാതന കാലത്തായാലും ആധുനിക കാലത്തായാലും സത്യമാണ്. ദൈവത്തിൻെറ നിയമത്തെ ലംഘിക്കുന്ന പ്രവർത്തിയാണ് ഇതു. ജീവനെ നല്കുവാനും അത് തിരിച്ചെടുക്കുവാനും ഉള്ള അധികാരം ദൈവത്തിനാണ് ഉള്ളത്.

ജീവൻ ആരംഭത്തിലായാലും അവസാന ഘട്ടത്തിലായാലും ദൈവം നിശ്ചയിച്ച ആയുസ് തീർക്കുവാൻ അനുവദിക്കണം. അതിനു എതിരായി പ്രവർത്തിക്കരുത്. നമ്മുടെ ഇഷ്ടത്തെക്കാൾ ദൈവത്തിൻെറ ഇഷ്ടത്തെ മാനിക്കുന്നവരാണ് ദൈവത്തിനു കീഴ്പ്പെടുന്നതു. ദൈവത്തോടു മത്സരിക്കുന്ന സ്വഭാവം പാടില്ല. ശിശുവിനെ

ഗർഭപാത്രത്തിൽ വെച്ച് നശിപ്പിക്കുന്നതും വാർദ്ധക്യത്തിൽ ഇഞ്ചക്ഷൻ കൊടുത്തു ഒരാളെ കൊല്ലുന്നതും ദൈവസന്നിധിയിൽ പാപമാണ്. ദൈവം ഒരു നിയമം വെച്ചിരിക്കുന്നതു തന്റെ മക്കൾക്കാണ്. അതു പാലിച്ചാൽ എല്ലാവർക്കും നല്ലതാണ്. തിരുവെഴുത്തിൽ അരുളിച്ചെയ്തിരിക്കുന്ന നിർദ്ദേശങ്ങളും തത്വങ്ങളും ഏതൊരു പ്രവൃത്തിയിലും നാം പരിശോധിക്കണം. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും കർത്താവിന്റെ അധികാരത്തിൽ വേണം ചെയ്യുവാൻ (കൊലൊസ്സ്യർ 3:17).

ദൈവം വെറുക്കുന്ന കാര്യങ്ങളെ സദൃശവാക്യങ്ങളിൽ ശലോമോൻ വിവരിക്കുന്നുണ്ട്. കൊലപാതകം പാപമാണെന്നു എല്ലാവർക്കും അറിയാം. പ്രായം തികയാത്ത ജീവനും പക്വതയെത്തിയ ജീവനും ഒരുപോലെയായതുകൊണ്ടു അതിൽ വ്യത്യാസം ഇല്ല. നിരപരാധിയായ ഒരു ജീവനെ ഇല്ലാതാക്കുന്നതു കുറ്റമില്ലാത്ത രക്തം ചൊരിയിക്കുന്നതുപോലെയാണ് (സദൃശവാക്യങ്ങൾ 6:17). മക്കൾ ദൈവത്തിന്റെ ദാനവും ഉദരഫലം ദൈവത്തിന്റെ പ്രതിഫലവുമാകുന്നു. ദൈവത്തിന്റെ ദാനത്തേയും പ്രതിഫലത്തേയും നശിപ്പിക്കുന്നതു ദൈവം സഹിക്കുകയില്ല. ഗർഭം ഉണ്ടാകാതെ സൂക്ഷിക്കുന്നതു പാപമല്ല. ഉണ്ടായിട്ടു നശിപ്പിക്കുന്നതാണു കുറ്റം. ദൈവം തന്നിരിക്കുന്ന ബുദ്ധി നാം ദൈവേഷ്ട പ്രകാരമേ ഉപയോഗിക്കാവു. മറിച്ച് ചിന്തിക്കയും പ്രവർത്തിക്കയും ചെയ്തു ദൈവകോപം വരുത്തി വെക്കരുത്.

നിങ്ങൾ പുരുഷനായാലും സ്ത്രീയായാലും നിങ്ങൾ നിങ്ങളുടെ പാപത്തിൽ നിന്നു വിട്ടുതിരിഞ്ഞ് മാനസാന്തരപ്പെടുക. രക്ഷിക്കപ്പെടുവാൻ ദൈവത്തിലുള്ള വിശ്വാസവും അനുസരണവുമാണ് ആവശ്യം.

★

# മതപരമായ ഉദാസീനത

ഗസ് നീക്കോൾസ്

സുവിശേഷ പ്രചരണ പുരോഗതിക്കു വലിയൊരു തടസമായിരിക്കയാണ് മതപരമായ അലക്ഷ്യം. ജനങ്ങളിൽ ഭൂരിഭാഗവും സുവിശേഷം സത്യമോ എന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. ബൈബിൾ പഠിപ്പിക്കുന്നതിൽ ചെറിയൊരു താല്പര്യം ഉള്ളവരാണ് അവർ. അവരും അവരുടെ കുടുംബത്തിൽ ഉള്ളവരും സ്നേഹിതന്മാരും വാസ്തവത്തിൽ രക്ഷിക്കപ്പെട്ടോ എന്നതു തന്നെ അവർക്കു നിശ്ചയമില്ലാത്ത കാര്യമാണ്. ''എല്ലാവരും പാപം ചെയ്തു'' എന്നും ലോകം ദുഷ്ടതകൊണ്ടു നിറഞ്ഞിരിക്കയാണെന്നും ബൈബിൾ വെളിപ്പെടുത്തുന്നുണ്ടെങ്കിലും അവർ അതു കാര്യമായെടുക്കുന്നില്ല (റോമർ 3:23). നാം എന്താണ് ചെയ്യേണ്ടതു എന്ന ബൈബിൾ ചോദ്യത്തിൽ അവർക്കു വലിയ താല്പര്യം ഇല്ലാത്തതുപോലെയാണ് അവരുടെ നിലപാട് (പ്രവൃത്തി 2:37-38). രക്ഷിക്കപ്പെടുവാൻ ബൈബിൾ എന്തു പറയുന്നു എന്നതിനെ സംബന്ധിച്ച് അവർ വിരസത പുലർത്തുന്നു. അവരുടെ സ്വന്തം മനസിൽ ഉറപ്പിക്കുന്ന തീരുമാനത്തിൽ അവർ തൃപ്തരാണ്.

**സഭയിൽ**

ക്രിസ്ത്യാനികളെന്നു അവകാശപ്പെടുന്നവർക്കിടയിൽ പോലും ഉദാസീനത കാണുന്നുണ്ട്. അവർക്കു ചുററും കാണപ്പെടുന്ന നഷ്ടപ്പെട്ട ലോകത്തെ കുറിച്ചു അവർ ചിന്തിക്കുന്നേയില്ല. നഷ്ടപ്പെടുന്നവരോടു സുവിശേഷം അറിയിക്കേണ്ടതുണ്ടോ എന്ന കാര്യം തന്നെ അവർ മറന്നിരിക്കയാവാം. സഭ വാസ്തവത്തിൽ സമൂഹത്തിനു വെളിച്ചമാണോ, അവരെ കുററപ്പെടുത്താമോ എന്ന കാര്യത്തിൽ അവർ സംശയാലുക്കളാകാം (മത്തായി 5:13,16; ഫിലിപ്പിയർ 2:15). ലവൊദിക്യയിലുണ്ടായിരുന്നവരെ പോ

ലെ അവർ ശീതവാന്മാരുമല്ല, ഉഷ്ണവാന്മാരുമല്ല; ശീതോഷ്ണവാന്മാരത്രേ (വെളിപ്പാട് 3:14-19). സഭ കൂടിവരുന്നതിലോ സഭയുടെ പ്രവർത്തനങ്ങളിലോ അവർ പങ്കെടുക്കയില്ല. പങ്കെടുക്കുന്നതു തന്നെ ജീവനോടെയായിരിക്കയില്ല. കർത്താവിൻെറ വേലയിൽ അശ്രദ്ധമായ സമീപനം വെച്ചു പുലർത്തുകയാണ് അവർ. ബൈബിൾ പഠനത്തിലോ പരിശീലനം നല്കുന്നതിലോ അവർക്കു താല്പര്യമില്ല. അവർ ലോകത്തിൽ ഉള്ള അനേക പുസ്തകങ്ങൾ വാങ്ങി കൂട്ടി പലതും പഠിക്കയും പഠിപ്പിക്കയും ചെയ്യുന്നു. പക്ഷെ ക്രിസ്തീയ പുസ്തകങ്ങൾ വാങ്ങി വായിക്കുകയോ പഠിപ്പിക്കയോ ചെയ്യുകയില്ല.

ലോകപ്രകാരമുള്ള പലതിനും അവർ ധാരാളം പണം ചെലവിടും. പക്ഷെ ദൈവ വേലക്കു വേണ്ടി സഹായിക്കുന്ന കാര്യത്തിൽ അവർ പിന്മാറും. ബൈബിൾ വായിക്കുവാനായി അവരെ പ്രേരിപ്പിക്കുക. പക്ഷെ അവർ അതിൽ വിരസരായിരിക്കും. അവരുടെ മക്കളോടും അയൽക്കാരുടെ മക്കളോടും അവർ അലക്ഷ്യമായിട്ടായിരിക്കും ഇടപെടുക. ദൈവത്തോടോ ദൈവിക സേവനത്തോടോ അവർക്കു യാതൊരു ഉത്തരവാദിത്വവും ഇല്ലാത്ത രീതിയിലാണ് അവരുടെ പെരുമാററം. അതെല്ലാം മററാരുടേയോ ജോലിയാണെന്നായിരിക്കാം അവരുടെ നിഗമനം. ക്രിസ്ത്യാനികളെന്നു അവകാശപ്പെടുന്നവരിൽ ഒരു പക്ഷെ നാലിൽ ഒരു ഭാഗം പോലും വിശ്വസ്തരായി കാണുന്നില്ല. ബൈബിളിലെ സത്യത്തിൽ അവർക്കു തീർച്ചയില്ലാത്തതു പോലെയാണ് അവരുടെ ജീവിതം. അവർ തങ്ങളിൽ തന്നെയുള്ള ഒരു സത്യത്തെ കണ്ടെത്താത്തവരാണ്. അവർ കർത്താവിനു എതിരായി നില്ക്കുന്നവരാണ്. ആകയാൽ അവർ കർത്താവിൻെറ ശത്രുക്കളുമാണ്. അലസ മനോഭാവം ദൈവം വെറുക്കുന്ന പാപമാണെന്ന് അവർ തിരിച്ചറിയണം. അവരുടെ വീക്ഷണഗതി ദൈവത്തിൻേറതാക്കി മാററണം.

## വിരസതയുടെ കാരണം-അവിശ്വാസം

അവിശ്വാസവും ദൈവിക നിന്ദയും ഈ വിരസതക്കു കാരണമായി തീരുന്നു. അവിശ്വാസികളാണ് ഇത്തരം അസംഗതയിൽ മുന്നിട്ടു നില്ക്കുന്നതു. കാരണം അവർക്കു വിശ്വാസമില്ലാത്തതിൽ അവർ താല്പര്യം കാണിക്കേണ്ടതില്ലല്ലൊ. എന്നാൽ ഒരിക്കൽ സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തിയവർ ഇത്തരം ഉദാസീനത വെച്ചു പുലർത്തുന്നതു ന്യായീകരിക്കാവുന്നതല്ല. ഒരു ദേശത്തിന്റെ ഹൃദയത്തെ തന്നെ ഭയാനകമായ സ്വാധീനത്തിൽ എത്തിക്കയാണ് ആധുനികത. ആധുനികതയുടെ അവകാശവാദവും ഉറച്ച ശബ്ദവും ഫലം പുറപ്പെടുവിക്കുന്നുണ്ട്. പക്ഷെ അതു ദോഷഫലമാണ്. ബൈബിളിന്റെ ദൈവശ്വാസീയതയും ക്രിസ്തുവിന്റെ പുത്രത്വത്തെയും അവർ ആക്രമിച്ചിരിക്കയാണ്. ക്രിസ്ത്യാനിത്വത്തിന്റെ പേരിൽ ആണ് അവർ കയറിയിരിക്കാൻ ആഗ്രഹിക്കുന്നത്. മനുഷ്യ ഹൃദയങ്ങളിൽ സംശയം ചെലുത്തുന്നതു പിശാചാണ്. സുവിശേഷ പ്രവർത്തന വിജയത്തിനു കഠിനാദ്ധ്വാനം ആവശ്യമാണ്. പ്രശ്നം പരിഹരിക്കുന്നതിനു തടസമായി നില്ക്കുന്നതു ദുഷ്ടന്റെ ശക്തിയും അവിശ്വാസവുമാണ്. ''വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അകപ്പെടും'' (മർക്കൊസ് 16:16).

## അവിശ്വാസത്തിനും അലക്ഷ്യത്തിനും കാരണം- നാമധേയ വിഭാഗങ്ങൾ

മതപരമായ ചിന്തകൾ, വിഭാഗങ്ങൾ എന്നിവ ആളുകൾക്കുള്ളിൽ അവിശ്വാസവും അലക്ഷ്യവും ഉണർത്തുന്നു. ഇതു മുന്നറിഞ്ഞ യേശു തന്റെ അവസാന പ്രാർത്ഥനയിൽ ഐക്യതക്കായി ആവശ്യപ്പെടുന്നു. പിതാവ് യേശുവിനെ അയച്ചു എന്നു വിശ്വസ്തത്തിൽ ലോകത്തിലുള്ള ആളുകൾ വിശ്വസിക്കുവാൻ അങ്ങനെ കാരണമായി തീരും (യോഹന്നാൻ 17:20-23). വിപരീതോപദേശം വെ

ച്ചു പുലർത്തുന്ന ഇവർ വിഭിന്ന വിശ്വാസത്തെയും ആരാധനകളേയും ആചാരങ്ങളെയും പഠിപ്പിക്കുന്നതുകൊണ്ടു ദൈവത്തിൽ നിന്നു അനുഗ്രഹത്തിനു പകരം ശാപമാണ് ഏററു വാങ്ങുന്നത്. ഈ വൈരുദ്ധ്യങ്ങൾ എല്ലാം ബൈബിളിൽ ഉള്ളതായിരിക്കും എന്ന സംശയത്തിൽ അവർ എത്തിച്ചേരുന്നു. ഫലമോ ഉദാസീനതയായിരിക്കും. അവസാനം അവർ ഒരു തീരുമാനത്തിലെത്തും. ആരൊക്കെ എങ്ങനെയായാലും നമുക്കു ഇങ്ങനെയങ്ങു പോയാൽ മതി. നമുക്ക് അതിലൊന്നും ഒരു പങ്കുമില്ല എന്ന അർത്ഥത്തിൽ അവർ സ്വയമായി കൈ കഴുകും.

ക്രിസ്ത്യാനിത്വത്തെ അത്തരത്തിൽ അവഗണിക്കാൻ കാരണക്കാർ ആരാണെന്നു ചിന്തിച്ചു നോക്കുക. സ്വർഗ്ഗത്തിലേക്കു പോകുവാനുള്ള എളുപ്പ വഴി കണ്ടെത്തിയിരിക്കയാണ് മനുഷ്യർ. ബൈബിൾ എന്തു പറയുന്നു എന്നതു ആർക്കും പ്രശ്നമേ അല്ല എന്ന രീതിയിലാണ് അവരുടെ ജീവിതം. എല്ലാ സഭയും ഒന്നുപോലെ തന്നെയാണ്; എല്ലാ സഭയിലും നന്മയും തിന്മയും ഉണ്ട്. അതുകൊണ്ടു സഭ മാറിയിട്ടെന്താണു ഫലം എന്ന ന്യായീകരണത്തിൽ അവർ എത്തിച്ചേരുന്നു. വ്യക്തമായി പഠിപ്പിക്കുന്ന ദൈവ കല്പനയെ അവർ മറന്നു കളയുകയാണ്. ദൈവ കല്പനയിൽ വിശ്വാസമില്ലാത്ത ജീവിതവും ദൈവ കല്പന അനുസരിക്കാത്ത വിശ്വാസ ജീവിതവും ദൈവ സന്നിധിയിൽ വ്യർത്ഥമാണ്. സത്യത്തെ വിശ്വസിക്കാതെ, അനുസരിക്കാതെ ദൈവത്തെ പ്രസാദിപ്പിക്കാമെന്നു വ്യാമോഹിക്കരുത്.

## സഭയിലെ ലൗകികതയും പാപ സ്വഭാവവും

സഭയിൽ കാണപ്പെടുന്ന പാപ സ്വഭാവവും ലൗകിക ഭ്രമവും ആളുകളെ അലക്ഷ്യ സ്വഭാവത്തിലേക്കു നയിക്കും ദുസ്വഭാവങ്ങളിൽ തങ്ങളുടെ ഹൃദയങ്ങളെ ദൃഢീകരിക്കയാണ്. അതിൽ നിന്നു പിന്തിരിയുവാൻ അവർക്കു കഴിയുകയില്ല. അവരുടെ ഹൃദയം കഠിനപ്പെട്ടു പോയിരിക്കയുമാണ്.

★

കവിത

# ശത്രു

## E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

കാരണം കൂടാതെ ശത്രുക്കളായവർ,
പക്ഷിയെപോലെന്നെ വേട്ടയാടുന്നഹോ.
കല്ലെറിയുന്നൊരു കൂട്ടമതെപ്പോഴും,
പ്രാണൻ പറിക്കുവാനോടിയടുക്കുന്നു.

വെള്ളം ഒഴുകിതകർന്നയെൻ ജീവിതം
നാശം ഭവിച്ചെന്നു ചൊല്ലാതറിയുമെ.
ആഴക്കുഴിയിലും നിൻ നാമമേത്തിഞാൻ,
പാടി സ്തുതിക്കുന്നു സ്തോത്രമുരക്കുന്നു.

എന്റെ നിലവിളികേൾക്കുന്ന നിൻചെവി
പൊത്താതെ കേൾക്കണേ കണ്ണീർകഥകളെ,
തെല്ലും ഭയം വേണ്ടയെന്നുരചെയ്തവൻ.
വന്നല്ലോചാരെ മനോഹരം അത്ഭുതം.

വീണ്ടെടുപ്പിന്റെ വിലചൊല്ലി വന്നവൻ,
ആരന്നറിയുമോ ചൊല്ലാൻകഴിയുമോ.
കഷ്ടംസഹിച്ചതു നീയറിഞ്ഞീടുമെ,
തീർത്തുവച്ചീടുക നിൻ കരത്താലേ.

പ്രതികാര ദാഹത്താൽ ചെയ്തുപോയുള്ളൊരു,
ദുഷ്ടപിശാചിന്റെ വക്രനിരൂപണം.
നിന്ദയും കഷ്ടവും ഏററുമനക്കാമ്പിൽ,
എതിരികൾ കാട്ടുന്ന കോമാളിവേഷങ്ങൾ.
കോപവും താപവും ആണെന്റെകൂട്ടരെ,
നന്നായറിക ചിത്തത്തിലെന്നുമേ.

★

# ദൈവത്തെ ആരാധിക്കുക

**റോജർ ജാക്സൺ**

ആരാധന, വണങ്ങൽ, എന്നീ പദങ്ങൾ ദൈവത്തോടു ള്ള നമ്മുടെ ബന്ധത്തിൽ ഉപയോഗിക്കേണ്ടതാണ്. ദൈവത്തിനു കൊടുക്കേണ്ടതു ദൈവത്തിനു കൊടുക്കണം. നാം ദൈവത്തിന്റെ സന്താനങ്ങളാണ്. അതിനാൽ സൃഷ്ടി കർത്താവിനോടു സൃഷ്ടിക്കു വിധേയത്വമുണ്ട്. അതു വാസ്തവത്തിൽ മനസിലാക്കാത്തവർ ആരാധനക്കു പ്രാധാന്യം കൊടുക്കാതിരിക്കും. ആ നമസ്കാരം മററുള്ളവർക്കോ മററുള്ളവയ്ക്കോ വിഭാഗിച്ചു നല്കും. തന്നോടു സംസാരിച്ച ദൂതനെ, യോഹന്നാൻ വീണു നമസ്കരിക്കയുണ്ടായി. എന്നാൽ ദൂതൻ അതിനു ശരിയായി പ്രതികരിക്കയുണ്ടായി. ദൈവ ദൂതൻ പ്രത്യക്ഷനായി യോഹന്നാനു ദൈവത്തിന്റെ വെളിപ്പാട് ലഭിച്ചു കഴിഞ്ഞപ്പോഴായിരുന്നു ഈ സംഭവം. "എന്നാൽ അവൻ എന്നോടു: അരുളിച്ചെയ്തതു; ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടേയും സഹ ഭൃത്യനത്രേ. ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു.

ദൈവികത്വത്തെ പരിഗണിച്ചുകൊണ്ട് ദൈവിക വ്യക്തിക്കു കൊടുക്കുന്ന ആദരവിനെയാണ് നമസ്കാരം എന്നു പറയുന്നതു. പ്രോസ്ക്കുനെയോ എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് നമസ്കാരം എന്ന വാക്ക് വന്നിരിക്കുന്നത്. ചുംബനത്തോടു കൂടിയ വന്ദനം എന്നു പറയാവുന്നതാണ്. നാം ചെയ്യുന്ന എല്ലാ പ്രവർത്തികളും ആരാധനയല്ല. പ്രാധാന്യമില്ലാതെ ചെയ്യാവുന്ന ഒന്നുമല്ല ആരാധന (മത്തായി 15:9). കൊന്ത ചൊല്ലുന്നതും മെഴുകുതിരി കത്തിക്കുന്നതും പള്ളിക്കു ചുററും പ്രദക്ഷിണം ചെയ്യുന്നതും അതുപോലെയുള്ള യാതൊന്നും ആരാധനയേയല്ല. ഇതെല്ലാം ആരാധന ഉപേക്ഷിക്കുന്നതിനു തുല്യമാണ്. കർ

ത്തൃ ദിവസത്തിൽ നടത്തേണ്ട ആരാധനയിൽ കൂട്ടു ചേർക്കാനും അനുവാദമില്ല. നമ്മുടെ ആയുഷ്കാലം മുഴുവൻ നാം ദൈവത്തെ ആരാധിക്കണം. ആരാധനയും സേവനവും തമ്മിലുള്ള വ്യത്യാസം നാം മനസിലാക്കാതെയിരിക്കരുത് (റോമർ 12:1). മാനുഷിക ആത്മാവും ദൈവിക ആത്മാവും ഒത്തു ചേർന്നു ദൈവത്തിനു പുകഴ്ച്ചയും നന്ദിയും അർപ്പിക്കുന്നതാണ് ''ആരാധന''.

ദൈവത്തിന്റെ സൃഷ്ടികൾ എല്ലാം തന്നെ അവനെ നമസ്കരിക്കാൻ കടപ്പെട്ടിരിക്കുന്നു. എല്ലാവരും അവനെ ആരാധിക്കണമെന്ന് പിതാവ് ഇച്ഛിക്കുന്നു. ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ടു കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല. അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നു വെച്ച് അവനെ അന്വേഷിക്കേണ്ടതിനു തന്നേ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല താനും (പ്രവൃത്തി 17:24,27). സ്വർഗ്ഗത്തിലെ ദൂതന്മാർ പോലും പിതാവിനെയും പുത്രനെയും നമസ്കരിക്കുന്നു. എണ്ണികൂടാത്ത സൈന്യം സ്വർഗ്ഗത്തിലെ ദൈവത്തെ നമസ്കരിക്കുന്നുണ്ട്. ദൈവം ആരാധ്യനാണെന്നതിനു സംശയമില്ല. നാം ആസ്ത്യവിസ്മരിക്കരുത്. ദൈവത്തിനു മുൻഗണന കൊടുക്കുന്നില്ലെങ്കിൽ നാം അവനെ പ്രാധാന്യമില്ലാത്തവനായി കാണുന്നു. അതിൽ ദൈവം സന്തോഷിക്കയില്ല.

ദൈവത്തെ ആരാധിക്കുമ്പോൾ ഏതു രീതിയിലാണു നാം ബാദ്ധ്യസ്ഥർ? ദൈവത്തെ ആരാധിക്കുന്നതിനു വേണ്ട വസ്തുക്കളും ഭാവ പ്രകടനങ്ങളും നമുക്കു തിരഞ്ഞെടുക്കാമോ? ആധികാരികമായി നല്കപ്പെട്ട ആരാധനാ രീതിയില്ല എന്ന അനുമാനത്തിൽ എത്തിയിരിക്കുന്ന ഏതാ

ണും പേരുണ്ട്. ആ തരത്തിൽ ഒരു കർശന നിലപാട് ഒന്നും ദൈവം സ്വീകരിക്കയില്ല എന്ന തോന്നലാണ് അവർക്കുള്ളത്. പക്ഷെ വചനത്തിൽ പറയുന്നതു സത്യ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണം എന്നത്രെ. മത സംഘടനകളാകുന്ന വിഭാഗങ്ങൾ വിവിധ രീതികളിൽ ആരാധന നടത്തി ആളുകളെ കുഴപ്പത്തിൽ ആക്കിയിരിക്കയാണ്. ഐക രൂപമില്ലാത്ത നമസ്കാര ക്രമം ദൈവം ഇഷ്ടപ്പെടുകയില്ല എന്ന് അവർ അറിയണം (പ്രവൃത്തി 2:42, എഫെസ്യർ 5;19). ഭൗതികമായ ഒന്നല്ല ആരാധന. അതു ആത്മികമാണ്, ഉചിതവും ക്രമവുമായ ആരാധനയാണ് നാം ദൈവത്തിനു നല്കേണ്ടത്.

തിരുവെഴുത്തിൻ പ്രകാരം ദൈവത്തെ നമസ്കരിക്കുവാൻ കടമപ്പെട്ടവരാണ് നാം. വചന വിരുദ്ധമായ ആരാധനയുണ്ട്. നമ്മുടെ നമസ്കാരം എപ്പോഴും ദൈവത്തെ ലക്ഷ്യമാക്കിയിരിക്കണം. അതു വിഗ്രഹങ്ങളെയോ വിശുദ്ധന്മാരെയോ ലക്ഷ്യമാക്കിയാകരുത്. സൃഷ്ടികളായ ഒന്നിനെയും നാം ആ രീതിയിൽ വണങ്ങരുത് (റോമർ 1:25). ക്രിസ്തുവിൻെറ ഓർമ്മയല്ലാതെ മററാരുടേയും ഓർമ്മക്കായി നാം ആരാധനയെ മാററരുത് (മത്തായി 26: 26-28). കർത്തൃ ദിവസത്തിലാണ് കർത്തൃമേശയിൽ നിന്നു ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യേണ്ടതു. അതു ആഴ്ചവട്ടത്തിൻെറ ഒന്നാം നാളിലാണ് (പ്രവൃത്തി 20:7). ദിവസത്തെ സംബന്ധിച്ച് ദൈവാധികാരം അതാണ്. നമ്മുടെ നമസ്കാരത്തിൽ 1. പാട്ട്, 2. പ്രാർത്ഥന, 3. പ്രബോധനം 4. കർത്തൃമേശ, 5. ധർമ്മശേഖരം എന്നിവയാണ് അടങ്ങിയിരിക്കുന്നത് (കൊലൊസ്യർ 3:16; 1 കൊരിന്ത്യർ 16:1-2; പ്രവൃത്തി 20:7; പ്രവൃത്തി 4:31; 1 തിമൊഥെയോസ് 3:15). ഉദ്ദേശം വളരെ പ്രാധാന്യമുള്ളതാണ്. ചില ആളുകൾ ആരാധനയിൽ നിന്നു അവർക്ക് ഒന്നും കിട്ടുന്നില്ല എന്ന പരാതി പറയാറുണ്ട്. നാം കിട്ടുവാനല്ല, മറിച്ച് നല്കുവാനാണ് കൂടി വരുന്നത്.

(ശേഷം അടുത്ത ലക്കത്തിൽ)

# അസൂയ എന്ന ഭയാനക പാപം

വെൽഡൺ ലങ്ഫീൽഡ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ശുദ്ധവും നിർമ്മലവുമായ മനഃസാക്ഷിയോടെ ചെയ്യുന്ന പ്രവർത്തിക്കു ശരിയായ ഫലം ഉണ്ടാകും. തിന്മ പ്രവർത്തിച്ചു നന്മ കൊയ്യാമെന്ന് ആരും വിചാരിക്കരുത്. മുൻകാലങ്ങളിൽ ഉടലെടുത്ത ഭിന്നിപ്പും ദുരുപദേശവും പിളർപ്പും എല്ലാം ഇത്തരം ദുസ്വഭാവങ്ങളിൽ നിന്നു ഉരുത്തിരിഞ്ഞു വന്നതാണ്.

അദ്ധ്യക്ഷൻമാരുടെ അധികാരത്തെ മാനിക്കാത്ത ഉപദേഷ്ടാക്കന്മാർ അവരോടു അസൂയ പുലർത്തുന്നു. അദ്ധ്യക്ഷന്മാർക്കു ഉപദേഷ്ടാക്കന്മാരോടും അസൂയയുണ്ടാകും. കാരണം അവരുടെ സ്വാധീന ശക്തി. യുവാക്കളോടു പ്രായമുള്ളവർക്കു അസൂയയുണ്ടാകുന്നതു അവരുടെ യുവത്വം നിമിത്തമാണത്. ചിലപ്പോൾ ഓരോരുത്തരുടെ കഴിവുകൾ കൊണ്ടു നേടുന്ന ഭൗതികമായ അനുഗ്രഹങ്ങളിലും അസൂയ കടന്നു വരാം. ക്രിസ്തീയ ജീവിതവും സുവിശേഷ വേലയും അദ്ധ്യക്ഷപദവിയും സ്വീകരിച്ചിരിക്കുന്ന എല്ലാവരും അതിന്റെ പവിത്രത കാത്തു സൂക്ഷിക്കണം. ദൈവഹിതത്തിനു കീഴ്പ്പെടണം. നമ്മുടെ ഹൃദയങ്ങളിലും മനസുകളിലും ആഴമായിട്ടുള്ളതു എന്താണെന്നു നമുക്കും ദൈവത്തിനും അറിയാം. അതു തിരിച്ചറിഞ്ഞു നമ്മുടെ പോരായ്മ ഇല്ലാതാക്കാൻ നാം ശ്രമിക്കണം. ''നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെ തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ

നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ യേശു ക്രിസ്തു നിങ്ങളിൽ ഉണ്ടു എന്നു നിങ്ങളെത്തന്നെ അറിയുന്നുവല്ലൊ (2 കൊരിന്ത്യർ 13:5)

ഞാൻ മററുള്ളവരേക്കാൾ ശ്രേഷ്ഠൻ എന്നു കരുതാതെ മററുള്ളവർ എന്നേക്കാൾ ശ്രേഷ്ഠന്മാർ എന്നു ഞാൻ കണക്കാക്കണം. സഹോദരവർഗ്ഗത്തെ സ്നേഹിക്കും എന്നതായിരിക്കണം എന്റെ ലക്ഷ്യം. എന്റെ സുവിശേഷ മേഖലയുടെ മഹത്വം ദൈവത്തിനായിരിക്കണം. എന്റെ ഔന്നത്യം എന്റെ താഴ്മയായിരിക്കണം. എന്റെ കഴിവ് എന്റേതല്ല, കർത്താവിന്റേതാണ്. മററുള്ളവർക്കും അത് ദൈവത്തിൽ നിന്നാണ് കിട്ടിയിരിക്കുന്നതു എന്നു വിചാരിക്കണം. ഇതിന്റെയർത്ഥം തെററു തിരുത്തരുതെന്നല്ല. തെററു തിരുത്തുന്നതു നന്മ ഉദ്ദേശിച്ചായിരിക്കണം. ദൈവിക നിലവാരമായിരിക്കണം എല്ലാവരിലും ഉണ്ടാകേണ്ടതു. സ്വാർത്ഥത ഉപേക്ഷിക്കാൻ നമുക്കു കഴിയണം. നമ്മുടെ സേവനം നിസ്വാർത്ഥമായിരിക്കണം. ഏററവും നല്ല പ്രാസംഗികനല്ല ഞാൻ എന്നതിൽ എനിക്കു സന്തോഷമുണ്ട്. അറിയപ്പെടുന്ന ഏററവും പ്രമുഖരിൽ എനിക്കു സ്ഥാനമില്ലാത്തതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ട്. എത്ര മനോഹരമായ ഒരു സ്വഭാവമായിരിക്കും എല്ലാവരിലും ഇതുണ്ടെങ്കിൽ. കർത്താവിന്റെ സഭയ്ക്കു അത്തരം വളർച്ച എത്ര പ്രയോജനം ചെയ്യുമെന്ന് ചിന്തിക്കുക.

നമുക്കു ചുററുപാടും കാണപ്പെടുന്ന ആളുകളുടെ മനോഭാവം വ്യത്യസ്ഥമാണ് എന്ന് നമുക്ക് അറിയാം. എങ്കിലും അന്യോന്യമുള്ള ഇടപെടലുകൾ ഒരിക്കലും വൈകാരികമായി അധ:പതിക്കരുതു. അതിനായി നമ്മുടെ

ചിന്തയിൽ മാറ്റം വരുത്തണം. എങ്കിൽ മാത്രമെ ഇതു സാദ്ധ്യമാകയുള്ളൂ. ഓരോരുത്തരുടെയും ലഭിച്ചിരിക്കുന്ന അറിവ് വിഭിന്നമാണ്. അറിവിന്റെ വളർച്ചക്കു പഠനം ആവശ്യമാണ്. ദൈവ വചനം കേട്ടു പഠിച്ച് ഗ്രഹിക്കണം. അതിന്റെ അഭാവമാണ് പാപത്തിന്റെ ആധിക്യത്തിനു ഹേതുവാകുന്നതു. ആ യാഥാർത്ഥ്യം എല്ലാവരും മനസിലാക്കണം. നിങ്ങൾ നിങ്ങളുടെ ജീവിതത്തെ പരിശോധിക്കുക. നിങ്ങളെ നിയന്ത്രിക്കുന്ന അവസ്ഥയിലേക്ക് ഇതിനെ വിട്ടു കൊടുക്കരുത്.

അടുത്തതായി മറ്റേതു ദുഃസ്വഭാവത്തെ പോലെ ഇതും നമ്മിൽ പ്രേരിപ്പിക്കുന്നതു സാത്താനാണ്. ദൈവകല്പന ലംഘിക്കുവാൻ സ്വന്ത ഹൃദയത്തിലെ വികാരത്തെ അനുവദിക്കുന്നു. അതാണ് ആരംഭം മുതൽ ലോകപ്രകാരമുള്ള മനുഷ്യന്റെ കാഴ്ചപ്പാട് മാറണമെന്നു പറയാൻ കാരണം. ദൈവേഷ്ടം അനുസരിച്ച് നാം ചിന്തിക്കയും പെരുമാറുകയും പ്രവർത്തിക്കയും ചെയ്യണം. അപ്പോൾ ജീവിത നിലവാരം ലോകത്തിന്റേതിൽ നിന്നും മാറി ദൈവത്തിന്റേതായി മാറുന്നു. അതാണ് ഏവർക്കും ആവശ്യം. എനിക്കും നിങ്ങൾക്കും സകല മനുഷ്യർക്കും ഈ തത്വം വളരെ പ്രയോജനപ്രദമാകും. ജീവിതത്തിൽ മാതൃകയാക്കി എടുക്കുക.

അവസാനമായി ദൈവത്തോടുള്ള ബന്ധവും നാം അറിഞ്ഞിരിക്കണം. ദൈവം നമ്മുടെ പിതാവ് ആണ്. അതോടൊപ്പം എല്ലാവരുടേയും പിതാവാണ്. ആ കാര്യം നാം മറക്കരുത്. അതു മറക്കുമ്പോഴാണ് പ്രശ്നം ഉണ്ടാകുന്നത്. നാം നമ്മെക്കുറിച്ചും നമ്മുടെ ഇഷ്ടത്തെ കുറിച്ചും മാത്രം ചിന്തിച്ചുകൊണ്ടിരുന്നാൽ സ്വാർത്ഥതയുള്ളവരാകും. നിസ്വാർത്ഥരാകണം. നമ്മെപ്പോലെ മറ്റുള്ളവർക്കു വേദന വരുത്തരുത്. ശ്രദ്ധയോടെയുള്ള ജീവിതം ആവശ്യമാണ്. ലോകത്തിൽ ഉള്ള യാതൊന്നിനോടും അതിയായ ആഗ്രഹം ജനിക്കാൻ പാടില്ല.

യഥാർത്ഥ ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതം ലോകത്തിനു അനുരൂപപ്പെടാതെ സൂക്ഷിക്കും. മനസ്സു പുതുക്കി രൂപാന്തരപ്പെടണം. അപ്പോൾ അസൂയ നമ്മിൽ വരാതിരിക്കും. ജഡികമായ സ്വഭാവത്തെ വിട്ടുകളഞ്ഞ് ആത്മിക സ്വഭാവത്തിനു കീഴ്പ്പെടും. അനശ്വരമായ ജീവിതമാണ് ആത്മാവിനു ഉള്ളത്. അതുകൊണ്ടു ആത്മാവിനു ഹാനികരമായ യാതൊരു ദുഃസ്വഭാവവും നമ്മെ കീഴ്പ്പെടുത്താതിരിക്കണം. ദൈവത്തിന്റെ പ്രമാണങ്ങളും ചട്ടങ്ങളും അനുസരിക്കുക എന്ന കർത്തവ്യം നാം ഓരോരുത്തരും പുലർത്തണം അതു മാത്രമാണ് ഇത്തരം വിനാശകരമായ അവസ്ഥയിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനുള്ള ഏക വഴി.

പ്രാരംഭ ദിശയിൽ ക്രിസ്ത്യാനിത്വത്തിന്റെ വളർച്ചക്കു ദൈവം അത്ഭുതവരങ്ങൾ പലർക്കും കൊടുത്തിരുന്നു (1 കൊരിന്ത്യർ 12:18). അന്നു സത്യം പരിശോധിക്കുവാൻ പുറത്തുള്ളവർക്കു ദൈവം അടയാളം കൊടുത്തതു അങ്ങനെയായിരുന്നു. ഇന്നു ദൈവം തന്റെ വചനം, ശക്തിയുള്ള സുവിശേഷം തന്റെ സഭയിൽ കൊടുത്തിരിക്കുന്നു. വേദപുസ്തകവുമായി അതു താരതമ്യം ചെയ്യുവാൻ ആളുകൾക്ക് അവസരം കൊടുക്കണം. അതേ സമയം ക്രിസ്ത്യാനികളായി തീർന്ന എല്ലാ സഭാംഗങ്ങളും മാതൃകാ ജീവിതം നയിച്ച് പുറത്തുള്ളവരെ കർത്താവിങ്കലേക്കു ആകർഷിക്കണം. ലോകത്തിലുള്ളവരിൽ കാണപ്പെടുന്ന ദുസ്വഭാവങ്ങൾ നമ്മിൽ കാണാതിരിക്കണം. അസൂയ, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്ത യാതൊന്നും നമ്മിൽ നിന്നും വരാതെ സൂക്ഷിക്കണം. ഇത്തരം ദുഷിച്ച പ്രവണതകൾ നമ്മിൽ പേര് പറക പോലും അരുത്.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI** —Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8.45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meade Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To